"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് - ലെ പ്യൂൺ ശ്രീ.സജിത്ത് കുമാർ.ഇ യുടെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.481/2024/TAXES   തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-
1. സ.ഉ (സാധാ) 906/2022/നികുതി തീയ്യതി 23.11.2022 .
2. ശ്രീ.സജിത്ത് കുമാർ.ഇ . സമർപ്പിച്ച 10.11.2023 ലെ അപേക്ഷ
3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് ഡയറക്ടറുടെ 09.11.2023 ലെ 2010/Admin/KITS/2023 നമ്പർ നിരാക്ഷേപ സാക്ഷ്യ പത്രം.
4. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 21.03.2024 ലെ 8919/AS2/EXT/KSBC/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ടൂറിസം വകുപ്പിന്റെ പരിധിയിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് - ലെ പ്യൂൺ ശ്രീ.സജിത്ത് കുമാർ.ഇ - യ്ക്ക് പരാമർശം 1 പ്രകാരം കേരള സംസ്ഥാന ബീവറേജസ് കോർപറേഷനിൽ കാസർഗോഡ് ജില്ലയിലെ FL 1 ഷോപ്പിൽ ഓഫീസ് അറ്റന്റന്റ് /ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അന്യത്ര സേവനം 06.12.2023-ൽ അവസാനിച്ചതിനാൽ അന്യത്ര സേവനം 07.12.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ശ്രീ.സജിത്ത് കുമാർ പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ശ്രീ.സജിത്ത് കുമാർ-ന്റെ അന്യത്ര സേവനം ദീർഘിപ്പിച്ച് നൽകുന്നതിന് മാതൃ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് പരാമർശം 3 പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് . അന്യത്ര സേവനം ദീർഘിപ്പിക്കണമെന്ന ശ്രീ.സജിത്ത് കുമാർ- ന്റെ അപേക്ഷ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബീവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന

വ്യവസ്ഥക്ക് വിധേയമായി ഒരു വർഷത്തേയ്ക്കോ പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ ശ്രീ.സജിത്ത് കുമാർ.ഇ-യുടെ കേരള സംസ്ഥാന ബീവറേജസ് കോർപറേഷനിലെ അന്യത്ര സേവനം 07.12.2023 മുതൽ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാനെ മാതൃ സ്ഥാപനത്തിലേക്ക് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വിടുതൽ ചെയ്യേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2) ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ്, തൈക്കാട്,തിരുവനന്തപുരം 695014
3) ബന്ധപ്പെട്ട ജീവനക്കാരന് (ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുഖാന്തിരം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
6) വെബ്ബ് ആന്റ് ന്യൂ മീഡിയ
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/79/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 10-06-2024 09:59:12